# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>പ്രധാനമന്ത്രിയുടെ തൊഴിൽസൃഷ്ടി പദ്ധതി</u>

**5323** ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ തൊഴിൽസൃഷ്ടി പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം വ്യവസായ സംരംഭങ്ങൾക്കാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ സഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ സംരംഭങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഏതെല്ലാം സ്ഥാപനങ്ങളാണ് സാമ്പത്തിക സഹായം നൽകുന്നതെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>മൈൻ സേഫ്ടി ആക്ട്</u>**

**5324**

**ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **മൈൻ സേഫ്റ്റി ആക്ട് കേരളത്തിൽ ബാധകമാണോ എന്നും എങ്കിൽ നടപ്പാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;**

(ബി) **പ്രസ്തുത ആക്ടിന് വിധേയമായിട്ടാണോ സംസ്ഥാനത്ത് കരിങ്കൽ- ചെങ്കൽ ഖനനം നടത്തിവരുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ;**

(സി) **ആക്ടിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ക്വാറികൾ കണ്ടെത്തിയിട്ടുണ്ടോ എന്നും പ്രസ്തുത ക്വാറികൾ ഏതൊക്കെയെന്നും ഉടമകളുടെ മേൽവിലാസം സഹിതം വ്യക്തമാക്കുമോ;**

(ഡി) **ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ?**

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>ഇൻഡസ്ട്രിയൽ മാനുഫാക്ചറിംഗ് സോൺ</u>**

**5325**

**ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഡസ്ട്രിയൽ മാനുഫാക്ചറിംഗ് സോണുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സോണുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(സി) ഇത് പ്രകാരം സംസ്ഥാനത്തെ വ്യവസായ മേഖലയിൽ ഉണ്ടാകുന്ന പ്രയോജനം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>വ്യാപാര വാണിജ്യമേഖലകൾ</u>

5326 ശ്രീ. വി. ഡി. സതീശൻ
,, കെ. മുരളീധരൻ
,, പാലോട് രവി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാര വാണിജ്യമേഖലകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ;

(സി) പ്രധാന നഗരങ്ങളുടെ സമീപപ്രദേശങ്ങളിലെ സാമ്പത്തിക വളർച്ചയ്ക്കുവേണ്ടി വ്യാപാരവാണിജ്യ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

## പുതിയ വ്യവസായ സംരംഭങ്ങൾ

5327

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ബി. ഡി. ദേവസ്സി
ശ്രീമതി കെ. എസ്. സലീഖ
,, കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സംരംഭകർ എത്ര കോടി രൂപ മുതൽമുടക്കാനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും ഇതുവരെ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(സി) ലൈറ്റ്/ജനറൽ എഞ്ചിനീയറിംഗ് മേഖലയിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) നവീന മാതൃകയിലുള്ള ബഹുനില വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാനുള്ള എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**പബ്ലിക് സെക്ടർ എന്റർ പ്രൈസസ് ബോർഡ് രൂപീകരണം**

**5328** **ശ്രീ. കെ. കെ. ജയചന്ദ്രൻ**
**,, എ. എം. ആരിഫ്**
**,, ബാബു. എം. പാലിശ്ശേരി**
**,, സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സെക്ടർ എന്റർ പ്രൈസസ് ബോർഡ് പ്രവർത്തനക്ഷമമാകുന്നതോടെ നിലവിലുള്ള ഏതെല്ലാം സ്ഥാപനങ്ങൾ ഇല്ലാതാകും എന്നാണ് കണ്ടെത്തിയിട്ടുള്ളത്; നിർദ്ദിഷ്ട ബോർഡ് ഏത് വകുപ്പിന്റെ കീഴിലായിരിക്കും പ്രവർത്തിക്കുന്നതെന്നും, വ്യവസായ വകുപ്പിന്റെ കീഴിലല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളിൽ ബോർഡിന്റെ ഇടപെടൽ ഏത് തരത്തിലായിരിക്കുമെന്നും വ്യക്തമാക്കുമോ;

(ബി) ബോർഡിന്റെ ചെയർമാന്റെയും മറ്റ് അംഗങ്ങളുടെയും നിയമന രീതി എന്തായിരിക്കും എന്നും ഇവരുടെ നിയമനാധികാരി ആരായിരിക്കും എന്നും വിശദമാക്കുമോ;

(സി) പ്രസ്തുത ബോർഡ് എന്നത്തേക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപന നിയന്ത്രണ ബോർഡ്**

**5329**

## ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ പൊതു മേഖലാ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ പുതിയ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ;**

(ബി) **എങ്കിൽ ആയതിന്റെ ഘടനയും, ഉദ്ദേശ്യ ലക്ഷ്യങ്ങളും വിശദമാക്കാമോ;**

(സി) **ആരെല്ലാമാണ് പ്രസ്തുത ബോർഡിൽ അംഗങ്ങളെന്നും; അവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളെന്തൊക്കെയെന്നും വിശദീകരിക്കാമോ;**

(ഡി) **ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം എന്ത് തുക ചെലവഴിക്കേണ്ടിവരുമെന്ന് വെളിപ്പെടുത്താമോ?**

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഭക്ഷ്യസംസ്കരണ മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തന രീതിയും**

5330 ശ്രീ. പി.എ. മാധവന്‍
,, വി.പി. സജീന്ദ്രന്‍
,, സി.പി. മുഹമ്മദ്
,, റ്റി.എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സംസ്ക്കരണ മിഷന്‍ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യവും പ്രവര്‍ത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) ഇതിന്റെ നോഡല്‍ ഏജന്‍സിയായി പ്രവര്‍ത്തിക്കുന്നതാരാണ്; വിശദമാക്കുമോ;

(ഡി) ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡും കെ.എസ്.ഐ.ഡി.സി യും ചേർന്നുള്ള പുതിയ പദ്ധതി</u>

5331 ശ്രീ. പി.സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, എം.വി. ശ്രേയാംസ് കുമാർ
ഡോ.എൻ.ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡും കെ.എസ്.ഐ.ഡി.സി യും ചേർന്ന് പുതിയ പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) നടപ്പു സാമ്പത്തിക വർഷം ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ</u>

5332 ശ്രീ. പാലോട് രവി
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇവയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനരീതിയും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(സി) ഇവ മൂലം എത്ര കോടി രൂപയുടെ നിക്ഷേപമാണ് ലക്ഷ്യമിട്ടി ട്ടുളളത് ;

(ഡി) എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത് ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ അവലോകന സംവിധാനം</u>**

5333 ശ്രീ. സണ്ണി ജോസഫ്
,, സി.പി. മുഹമ്മദ്
,, വര്‍ക്കല കഹാര്‍
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളില്‍ അവലോകന സംവിധാനം ഫലപ്രദമാക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകള്‍ പ്രയോജനപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ഇ-ടെന്‍ഡറും ഇ-പ്രൊക്യൂര്‍മെന്റും**

5334 ശ്രീ. അന്‍വര്‍ സാദത്ത്
,, ബെന്നി ബെഹനാന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, ജോസഫ് വാഴക്കന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വ്യവസായ വകുപ്പിനു കീഴിലുളള പൊതു മേഖലാ സ്ഥാപനങ്ങളില്‍ ഇ-ടെന്‍ഡര്‍ , ഇ-പ്രൊക്യൂര്‍മെന്റ് സൗകര്യങ്ങള്‍ തുടങ്ങിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും നേട്ടങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് ഇവ നടപ്പാക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാമെന്നും വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

<u>**റിയാബിന്റെ അവലോകനം**</u>

**5335 ശ്രീ. എളമരം കരീം**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **2011-12 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം റിയാബ് അവലോകനം നടത്തിയിട്ടുണ്ടോ;**

(ബി) **നഷ്ടത്തിലായ സ്ഥാപനങ്ങളുടെ പേരും നഷ്ടത്തിന്റെ കണക്കും വ്യക്തമാക്കുമോ;**

(സി) **വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ 2010-11, 2011-12 വർഷങ്ങളിലെ മൊത്തം ടേൺ ഓവർ, ലാഭം/നഷ്ടം എന്നിവ വ്യക്തമാക്കുമോ?**

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ**

**5336 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര വ്യവസായ സ്ഥാപനങ്ങളാണ് പൊതുമേഖലയിൽ പ്രവർത്തിക്കുന്നത്;

(ബി) അവയിൽ എത്ര എണ്ണം ലാഭത്തിലും എത്ര എണ്ണം നഷ്ടത്തിലും പ്രവർത്തിക്കുന്നു; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ**

5337 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഇവയിൽ ആകെ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നറിയിക്കുമോ ;

(സി) പുതിയ ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ സർക്കാർ മേഖലയിലോ, സർക്കാർ സ്വകാര്യ സംയുക്ത മേഖലയിലോ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

# കേരള നിയമസഭ
# 05.07.2012 -ലെ മറുപടിക്ക്

**ലാഭത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് പുതിയ യൂണിറ്റുകൾ**

5338 **ശ്രീ. റ്റി. യു. കുരുവിള**

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**പൊതുമേഖലയിൽ ലാഭകരമായി പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങളുടെ കൂടുതൽ യൂണിറ്റുകൾ സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വായ്പകൾ**

5339 **ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ ചെറുകിട വ്യവസായ സംരംഭകർക്ക് നൽകിയിരുന്ന വായ്പകളിൽ ഇതു വരെ കുടിശ്ശികയായി പിരിഞ്ഞു കിട്ടേണ്ട തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പതിനഞ്ച് വർഷങ്ങൾക്കു മുമ്പ് നൽകിയിരുന്ന ചെറുകിട വായ്പകൾക്ക് പലിശ എത്രയായിരുന്നുവെന്നും ഇപ്പോൾ പ്രസ്തുത വായ്പാ കുടിശ്ശികകൾക്ക് ഈടാക്കുന്ന പലിശ എത്രയാണെന്നും അറിയിക്കുമോ;

(സി) വായ്പാകുടിശ്ശിക പിരിച്ചെടുക്കുന്നതിന് കോർപ്പറേഷൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) വ്യവസായ സംരംഭങ്ങൾ തകർന്ന് സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന വായ്പാ കുടിശ്ശികക്കാരിൽ നിന്ന് തുക ഈടാക്കുവാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പരമാവധി ഇളവുകൾ അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

### വ്യവസായ മേഖലയിലെ വിദേശ നിക്ഷേപം

5340 **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ മേഖലയിൽ എത്ര കോടിരൂപയുടെ വിദേശ നിക്ഷേപം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ പൂർണ്ണമായും സ്വകാര്യ മൂലധന നിക്ഷേപം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ വ്യവസായ മേഖലയിലെ വിദേശ നിക്ഷേപത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾക്ക് എത്ര വിദേശ നിക്ഷേപം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ വ്യവസായ മേഖലയിലെ വിദേശ നിക്ഷേപത്തിൽ സംസ്ഥാന ഗവൺമെന്റും മറ്റേതെങ്കിലും വിദേശ ഗവൺമെന്റുകളുമായി സഹകരിച്ചുള്ള ഏതെല്ലാം പദ്ധതികൾക്ക് വിദേശ നിക്ഷേപം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) വിദേശ നിക്ഷേപം സ്വീകരിച്ചുള്ള വ്യവസായ പദ്ധതികൾക്കായി എത്ര ഭൂമി നൽകിയിട്ടുണ്ടെന്നും പ്രസ്തുത ഭൂമിയുടെ വിലയായി നിശ്ചയിച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ചേര്‍ത്തലയില്‍ റെയില്‍വേ കമ്പോണന്റ്സ് ഫാക്ടറി**

5341 **ശ്രീ. പി. തിലോത്തമന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല ആട്ടോ കാസ്റ്റും റെയില്‍വേയും ചേര്‍ന്നുള്ള സംയുക്ത സംരംഭം ഉപേക്ഷിച്ച് സ്വകാര്യ പങ്കാളിത്തത്തോടെ റെയില്‍വേ കമ്പോണന്റ് ഫാക്ടറി ആരംഭിക്കുവാന്‍ സര്‍ക്കാരിന് റെയില്‍വേയില്‍ നിന്നും എന്തെങ്കിലും അറിയിപ്പ് കിട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തീരുമാനത്തിന് മാറ്റം വരുത്തി റെയിവേ വാഗണ്‍ യൂണിറ്റ് ചേര്‍ത്തലയില്‍ ആരംഭിക്കുവാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) റെയില്‍വേയുമായുള്ള സംയുക്ത സംരംഭമായോ, കേന്ദ്ര സംസ്ഥാന സര്‍ക്കാരുകളുടെ സംയുക്ത സംരംഭം എന്ന നിലയിലോ, സംസ്ഥാന സര്‍ക്കാരിന്റെ ഉത്തരവാദിത്വത്തില്‍പ്പെട്ട സംരംഭം എന്ന നിലയ്ക്കോ പ്രസ്തുത റെയില്‍വേ സംരംഭത്തെ ചേര്‍ത്തലയില്‍ നിലനിര്‍ത്താന്‍ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

### ഇൻകെൽ സ്ഥാപിക്കുന്ന വ്യവസായ പാർക്കുകൾ

5342

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇൻകെൽ കൂടുതൽ വ്യവസായ പാർക്കുകൾ ആരംഭിക്കുമെന്ന 2011-12 ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച്, എത്ര പാർക്കുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ പാർക്കുകൾ ആരംഭിച്ചതിന് എന്തെല്ലാം സഹായങ്ങൾ നൽകിയെന്നും, പാർക്കുകൾ എവിടെയെല്ലാം സ്ഥാപിച്ചുവെന്നും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>ഇൻകെലിന്റെ വ്യവസായ പാർക്കുകൾ</u>

5343 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇൻകെലിന്റെ ആഭിമുഖ്യത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ എവിടെയെല്ലാം വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം പാർക്കുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ എന്തെല്ലാമെന്നും, ഇതിന് സർക്കാരിൽ നിന്നും എന്തൊക്കെ സഹായം ലഭ്യമാകും എന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**മൈനിംഗ് & ജിയോളജിവകുപ്പിന്റെ പ്രവര്‍ത്തനം**

**5344** **ശ്രീ. ഇ. ചന്ദ്രശേഖരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വര്‍ദ്ധിച്ചുവരുന്ന ക്വാറി അപകടങ്ങള്‍, മണ്ണ് - മണല്‍ കടത്ത് എന്നിവ ഫലപ്രദമായി തടയാന്‍ മൈനിംഗ് & ജിയോളജി വകുപ്പിന്റെ പ്രവര്‍ത്തനം വിപുലീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവില്‍ ഖനനം നടന്നുവരുന്ന താലൂക്കുകളില്‍ ഫലപ്രദമായി പ്രവര്‍ത്തിക്കുന്നതിന് താലൂക്ക്തലത്തില്‍ ജിയോളജി ഓഫീസുകള്‍ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) നിലവില്‍ ഒരു അസിസ്റ്റന്റ് ജിയോളജിസ്റ്റ് തസ്തികമാത്രമുള്ള ജില്ലകളില്‍ ഒരു അധിക തസ്തിക സൃഷ്ടിക്കുവാന്‍ തയ്യാറാക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**മലബാർ സിമന്റ്സിലെ ജീവനക്കാരുടെ പെൻഷൻ പ്രായം**

**5345 ശ്രീ. സി. പി. മുഹമ്മദ്**

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**വാളയാറിലെ മലബാർ സിമന്റ്സ് ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കൈത്തറി സംഘങ്ങൾക്കുള്ള നബാർഡ് പാക്കേജ്**

5346 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. ദാസൻ
,, സി. കൃഷ്ണൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൈത്തറി സംഘങ്ങൾക്ക് വേണ്ടി നബാർഡ് തയ്യാറാക്കിയ പാക്കേജ് നടപ്പാക്കാനാവശ്യമായ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം എത്രയാണ്; ഇതിന് അനുസൃതമായ തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പുതിയ വായ്പ നൽകാൻ 75% പലിശ തുക ഒഴിവാക്കിക്കൊണ്ട് തയ്യാറായിട്ടുളള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പാക്കേജ് നടപ്പാക്കുന്നതിന്റെ ഭാഗമായി, അർഹത നിശ്ചയിക്കാനുളള വയബിൾ, പൊട്ടൻഷ്യലി വയബിൾ എന്നീ കാറ്റഗറിയിലുളള സംഘങ്ങളുടെ ആഡിറ്റ് നടത്തിയ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി നബാർഡ് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പാക്കേജ് എന്നു മുതൽ നടപ്പാക്കുമെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇക്കാര്യത്തിൽ കൈത്തറിത്തൊഴിലാളി കൗൺസിൽ സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എന്തെല്ലാം ആവശ്യങ്ങളാണതിൽ ഉന്നയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 05.07.2012 -ലെ മറുപടിക്ക്

**കൈത്തറി മേഖലയ്ക്കുള്ള കേന്ദ്ര സർക്കാർ പദ്ധതി**

**5347 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ വർഷം സംസ്ഥാനത്തെ കൈത്തറി സംഘങ്ങളുടെ സംരക്ഷണത്തിന് നബാർഡിന്റെ സഹായത്തോടെ കേന്ദ്ര സർക്കാർ രൂപം നൽകിയ പദ്ധതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത പദ്ധതി മുഖേന കേരളത്തിലെ കൈത്തറി തൊഴിലാളി കുടുംബങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(ഡി) പരമ്പരാഗത കൈത്തറി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധികൾ പരിഗണിച്ച് കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി കൈത്തറി സംഘങ്ങളെയും തൊഴിലാളികളെയും സംരക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവര്‍ത്തന പുരോഗതി</u>**

**5348 ശ്രീ. ജി. എസ്. ജയലാല്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവര്‍ത്തന പുരോഗതിക്കും നിലനില്‍പിനും വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) സംഘങ്ങള്‍ക്കുള്ള റിബേറ്റ് കുടിശ്ശിക ജില്ല തിരിച്ച് അറിയിക്കുമോ;

(സി) കുടിശ്ശിക തുക എന്നത്തേക്ക് കൊടുക്കുവാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**<u>ഇന്റഗ്രേറ്റഡ് പവര്‍ലൂം യൂണിറ്റുകള്‍</u>**

**5349**

**ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **സംസ്ഥാനത്ത് എത്ര ഇന്റഗ്രേറ്റഡ് പവര്‍ലൂം യൂണിറ്റുകള്‍ സ്ഥാപിച്ചുവെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ;**

(ബി) **കോട്ടയം ഇന്റഗ്രേറ്റഡ് പവര്‍ലൂം യൂണിറ്റിന്റെ നവീകരണത്തിന് വേണ്ടി നീക്കിവച്ച 22 കോടി രൂപ ഏതെല്ലാം സ്രോതസ്സുകളില്‍ നിന്നും ലഭ്യമാക്കാനാണ് സര്‍ക്കാര്‍ ലക്ഷ്യമിട്ടതെന്ന് വ്യക്തമാക്കാമോ;**

(സി) **ഇതേ മാതൃകയില്‍ സംസ്ഥാനത്താരംഭിച്ച ഇന്റഗ്രേറ്റഡ് പവര്‍ലൂം സൊസൈറ്റികളെയെല്ലാം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?**

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**<u>ബാലരാമപുരം സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം</u>**

**5350 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരത്തുള്ള തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം പുനരാരംഭിച്ചതിനുശേഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഇപ്പോൾ എത്ര തൊഴിലാളികൾ ജോലി ചെയ്തുവരുന്നു ;

(സി) എത്ര മിനിസ്റ്റീരിയൽ സ്റ്റാഫ് പ്രവർത്തിക്കുന്നുയെന്നും എത്ര മാനേജീരിയൽ സ്റ്റാഫ് പ്രവർത്തിക്കുന്നു എന്നുമുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**മലബാര്‍ സ്പിന്നിംഗ് & വീവിംഗ് മില്ലില്‍ വീവിംഗ് യൂണിറ്റ്**

**5351** **ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മലബാര്‍ സ്പിന്നിംഗ് & വീവിംഗ് മില്ലില്‍ വീവിംഗ് യൂണിറ്റ് ആരംഭിക്കാന്‍ 2010-11 വര്‍ഷത്തെ ബഡ്ജറ്റില്‍ എന്തു നിര്‍ദ്ദേശമുണ്ടായിരുന്നു; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിര്‍ദ്ദേശം നടപ്പാക്കാന്‍ എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് വെളിപ്പെടുത്തുമോ;

(സി) വീവിംഗ് യൂണിറ്റ് സ്ഥാപിക്കുന്ന നിര്‍ദ്ദേശം ഇപ്പോഴും നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കില്‍ പ്രസ്തുത നിര്‍ദ്ദേശം ഉപേക്ഷിക്കാനുള്ള കാരണമെന്തെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>ധാതുവിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത പദ്ധതികൾ</u>

5352 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇൽമനൈറ്റ്, തോറിയം, മോണോസൈറ്റ് എന്നീ ധാതു വിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധനവ് കാര്യക്ഷമമാക്കുന്നതിനായി സാങ്കേതികവിദ്യയും മൂലധനസഹായവും നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ധാതുക്കളിൽനിന്നുള്ള മൂല്യവർദ്ധനവ് സൃഷ്ടിക്കുന്നത് പൊതുമേഖല മുഖേനയാണോ അതോ സ്വകാര്യമേഖല മുഖേനയാണോയെന്ന് വിശദീകരിക്കുമോ;

(സി) ധാതുസംസ്കരണം സ്വകാര്യമേഖലയ്ക്ക് നൽകുവാൻ ഉദ്ദേശ്യമുണ്ടോ; അതോ പി. പി. പി. ആയി നടപ്പിലാക്കുന്നതിനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>വനിതാ വ്യവസായ പദ്ധതി</u>

5353 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനിതാ വ്യവസായ പദ്ധതി പ്രകാരം ആരംഭിച്ച യൂണിറ്റുകളുടെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായി എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**പാചകവാതക പൈപ്പ് ലൈനിന്റെ സുരക്ഷയും പദ്ധതിരൂപരേഖയും**

T 5354 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കൊച്ചി-ബാംഗ്ലൂർ, കൊച്ചി-മാംഗ്ലൂർ പാചക വാതക പൈപ്പ് ലൈൻ പദ്ധതിയുടെ പ്രവർത്തനത്തിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) പൈപ്പ് ലൈൻ കടന്നു പോകുന്ന പ്രദേശത്തെ ജനങ്ങളുടെ ആശങ്ക അകറ്റുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ സുരക്ഷാ ഭീഷണിയെ സംബന്ധിച്ച ആശങ്ക അകറ്റുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തുന്നതിൽ ജനവാസയോഗ്യമായ സ്ഥലങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇത് സംബന്ധിച്ചുള്ള നഷ്ട പരിഹാര പാക്കേജിന്റെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>പെരുമ്പാവൂരിൽ ടിമ്പർ സോൺ അനുവദിക്കാൻ നടപടി</u>**

**5355 ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തടി വ്യവസായ കേന്ദ്രമായ പെരുമ്പാവൂരിൽ ടിമ്പർ സോൺ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ പ്രായോഗികത പരിശോധിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കെൽട്രോൺ നടത്തുന്ന കോഴ്സുകൾ**

5356 **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സുകൾ അംഗീ കരിച്ചിട്ടുണ്ടോ;

(ബി) കെൽട്രോൺ നടത്തുന്ന കമ്പ്യൂട്ടർ കോഴ്സുകളെ ഡിപ്ലോമ കോഴ്സുകളായി മാറ്റുന്നതിന് അനുമതി നൽകുമോ; പ്രസ്തുത കോഴ്സുകൾക്ക് പി.എസ്.സി മുഖേന ജോലി ലഭിക്കുന്നതിന് സാധുതയുണ്ടോ;

(സി) ഏതൊക്കെ കോഴ്സുകളാണ് സർക്കാർ അനുമതിയോടെ കെൽട്രോൺ നടത്തുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) കെൽട്രോൺ കമ്പ്യൂട്ടർ സെന്ററുകളിൽ ബിടെക് കോഴ്സ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

### പത്തനംതിട്ട റബ്ബർ പാർക്ക്

5357 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച റാന്നി റബ്ബർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനായി പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ സ്ഥലം കണ്ടെത്തുന്നതിനായി പത്തനംതിട്ട ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ കളക്ടറുടെ റിപ്പോർട്ടിലെ വിശദാംശം നൽകുമോ ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് നൽകുമോ ;

(സി) വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പത്തനംതിട്ട ജില്ലയിലെ മലയോര മേഖലയ്ക്ക് പ്രയോജനം ചെയ്യുന്ന റാന്നി റബ്ബർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ചേർത്തല ഓട്ടോകാസ്റ്റ് ലിമിറ്റഡിലെ താല്ക്കാലിക സ്കിൽഡ് വർക്കേഴ്സിനെ സ്ഥിരപ്പെടുത്താൻ നടപടി**

**5358**

**ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേർത്തല ആട്ടോകാസ്റ്റ് ലിമിറ്റഡിൽ സ്കിൽഡ് വർക്കേഴ്സ് എന്ന നിലയിൽ തല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന എത്ര തൊഴിലാളികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; കഴിഞ്ഞ പത്ത് വർഷമായി ജോലി ചെയ്തുവരുന്ന ഈ തൊഴിലാളികളെ പിരിച്ചുവിടാൻ നോട്ടീസ് നൽകിയിട്ടുണ്ടോ; നോട്ടീസ് നൽകിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ തൊഴിലാളികളെ പിരിച്ചുവിട്ട് പുതിയ ആളുകളെ നിയമിക്കുന്നതിന് വെബ് സൈറ്റിലോ, മറ്റ് മാധ്യമങ്ങളിലോ പരസ്യം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ആട്ടോ കാസ്റ്റിൽ ജോലി ചെയ്തുവരുന്ന മേൽപ്പറഞ്ഞ തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാനും അവർക്ക് നിയമപരമായി അർഹതയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുവാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 05.07.2012 -ലെ മറുപടിക്ക്

**<u>ചേർത്തല ഓട്ടോകാസ്റ്റ് ലിമിറ്റഡിലെ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി</u>**

**5359**

**ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേർത്തല ആട്ടോ കാസ്റ്റിൽ കഴിഞ്ഞ 10 വർഷമായി ജോലി ചെയ്തുവരുന്ന താല്ക്കാലിക സ്കീൽഡ് വർക്കേഴ്സിനെ സ്ഥിരപ്പെടുത്തണമെന്നും ഇവർക്ക് പി. എഫ്. അനുവദിക്കണമെന്നും, നാഷണൽ ഫെസ്റ്റിവൽ ഹോളിഡേയ്സ് ആക്ട് പ്രകാരമുളള ലീവും, ലീവ് ആനുകൂല്യങ്ങളും നൽകണമെന്നും, മിനിമം വേജസ്, ഹോളിഡേ വേജസ് എന്നിവ നൽകണമെന്നും ആവശ്യപ്പെട്ട് നൽകിയിട്ടുളള നിവേദനങ്ങളും പരാതികളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ പരാതിയെ തുടർന്ന് പി. എഫ്. എൻഫോഴ്സ്മെന്റ് വിഭാഗം ചേർത്തല ആട്ടോ കാസ്റ്റിൽ പരിശോധന നടത്തി പി. എഫ്. ചട്ടങ്ങൾക്ക് വിരുദ്ധമായ മാനേജ്മെന്റിന്റെ നടപടികൾക്കുള്ള ശിക്ഷയായി 48 ലക്ഷം രൂപ പിഴയടയ്ക്കുവാൻ മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഭാഗം തൊഴിലാളികളെ അടിയന്തിരമായി സ്ഥിരപ്പെടുത്തി ഇവരുടെ ആനുകൂല്യങ്ങൾ അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

ചിറക്കര ഗ്രാമപഞ്ചായത്തിലെ വ്യവസായ പാർക്ക്

5360

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ വ്യവസായ പാർക്ക് നിർമ്മിക്കുന്നതിലെയ്ക്കായി കിൻഫ്രാ ഭൂമി ഏറ്റെടുക്കലിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചത് എന്നാണ്; എത്ര ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കാണ് നടപടി സ്വീകരിച്ചിരുന്നത്;

(ബി) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെയോ, പൊതു ജനങ്ങളുടെയൊ ഭാഗത്ത് നിന്നും പരാതി വല്ലതും ലഭിച്ചിരുന്നുവോ; വിശദാംശം അറിയിക്കുമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചതും, ഏതൊക്കെ ഭൂമി ആണ് ഏറ്റെടുക്കേണ്ടതെന്ന് തീരുമാനിച്ചതും ആരാണ്; ഇപ്പോൾ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്ക് തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) വെറ്റ് ലാൻറ് ഏറ്റെടുക്കുന്നതിലേയ്ക്ക് എന്ത് തടസ്സമാണ് പുതുതായി ഉണ്ടായത്; എങ്കിൽ വെറ്റ് ലാൻറ് ഒഴിവാക്കി കരഭൂമി ഏറ്റെടുക്കുന്നതിലേയ്ക്ക് പ്രസ്തുത സ്ഥലത്ത് എന്ത് ബുദ്ധിമുട്ടാണ് നിലനിൽക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) കിൻഫ്രാക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നുവെന്ന് അറിയിച്ച് സ്ഥലം നിശ്ചയിച്ച് നടപടികൾ ആരംഭിച്ചശേഷം പ്രസ്തുത നടപടിയിൽ നിന്നും പിൻമാറുമ്പോൾ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചുള്ള വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ചടയമംഗലത്തെ വിവിധ പഞ്ചായത്തുകളിലെ അനധികൃത ക്വാറികൾ**

O5361 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചടയമംഗലം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്നതായി പരാതികൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>ചടയമംഗലം മണ്ഡലത്തിലെ ടെക്നോലോഡ്ജ്</u>**

**5362 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**ചടയമംഗലം മണ്ഡലത്തിലുള്ള കടയ്ക്കലിലെ ടെക്നോലോഡ്ജ് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;**

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**മൂക്കുന്നിമല - അനധികൃത പാറഖനനം**

5363 ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത പാറഖനനം നടന്നുവരുന്നത് തടയാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ മൂക്കുന്നിമലയിൽ പാറഖനനം നിരോധിച്ച് ഉത്തരവ് ഇറക്കിയതെന്നാണെന്നും, ഇത് നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഈ സ്ഥലത്തിന് പട്ടയം നൽകുമ്പോൾ എന്താവശ്യത്തിനായി ഉപയോഗിക്കണമെന്നാണ് നിഷ്കർഷിച്ചിരുന്നത് ;

(ഡി) പ്രസ്തുത നിർദ്ദേശം ലംഘിച്ചാൽ സ്ഥലം സർക്കാർ ഏറ്റെടുക്കുമെന്ന വ്യവസ്ഥയുണ്ടായിരുന്നെങ്കിൽ അപ്രകാരം സ്ഥലം സർക്കാർ ഏറ്റെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

<u>**ഐ. ടി. കരട് നയം**</u>

5364 **ശ്രീ. കോടിയേരി ബാലകൃഷ്ണന്‍**
**,, ജി. സുധാകരന്‍**
**,, എസ്. ശര്‍മ്മ**
**,, എ. പ്രദീപ്കുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ഐ. ടി. സംബന്ധിച്ച പുതിയ കരട് നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ;

(ബി) ഐ. ടി. കമ്പനികളുടെ സ്ഥിരമൂലധന നിക്ഷേപത്തില്‍ മാറ്റം വരുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(സി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ഐ. ടി. പാര്‍ക്കുകളില്‍ ഓരോന്നിലും എത്ര പുതിയ ഐ. ടി. കമ്പനികള്‍ പ്രവര്‍ത്തനം ആരംഭിച്ചുവെന്നും അവയിലൂടെ എത്ര തൊഴിലവസരങ്ങള്‍ ലഭ്യമായെന്നും വ്യക്തമാക്കുമോ; പ്രസ്തുത കമ്പനികളുമായി കരാറില്‍ ഏര്‍പ്പെട്ടത് ഈ സര്‍ക്കാരിന്റെ കാലത്താണോ എന്ന് വ്യക്തമാക്കുമോ; സ്മാര്‍ട്ട് സിറ്റിയില്‍ എത്ര ഐ. ടി. കമ്പനികള്‍ പ്രവര്‍ത്തനത്തിനായി മുന്നോട്ട് വന്നിട്ടുണ്ട്;

(ഡി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളില്‍ പുതുതായി ഐ. ടി. പാര്‍ക്കുകളും സൈബര്‍ പാര്‍ക്കുകളും സ്ഥാപിക്കുവാന്‍ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഐ റ്റി-മേഖലയിൽ സർക്കാർ നിക്ഷേപം**

5365 **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിവര സാങ്കേതിക വിദ്യാ വികസന രംഗത്ത് 2011-2012 വർഷത്തെ സർക്കാർ നിക്ഷേപം എത്രയെന്നു വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത തുക നീക്കിവച്ചതെന്നു വ്യക്തമാക്കുമോ;

(സി) സർക്കാർ നിക്ഷേപം ഉപയോഗപ്പെടുത്തി 2011-12 വർഷത്തിൽ ആരംഭിച്ച പദ്ധതികൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതികളുടെയാകെ സർക്കാർ നിക്ഷേപത്തിന്റെ അടങ്കൽ തുക എത്രയെന്നും അതിൽ എത്ര തുക പദ്ധതി പ്രവർത്തനത്തിനു നൽകിയെന്നും എത്ര ശതമാനം തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**വിവരസാങ്കേതിക വിദ്യയിൽ കേരളത്തിന്റെ സാധ്യതകൾ**

**5366 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി 1
സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക വിദ്യയിൽ കേരളത്തിന്റെ സാധ്യതകൾ പൂർണ്ണമായുംഉപയോഗപ്പെടുത്തുന്നതിന് കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേരളത്തിൽ പുതിയ ഐ.റ്റി അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ

## 05.07.2012 -ലെ മറുപടിക്ക്

ഐ. ടി. പാർക്കുകളുടെ വികേന്ദ്രീകരണം

5367 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ. റ്റി. പാർക്കുകളുടെ വികേന്ദ്രീകരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) വികേന്ദ്രീകരണത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും നേട്ടങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഇ-ഗവേണൻസ് പദ്ധതിയുടെ വിശദാംശങ്ങൾ**

T5368

**ശ്രീ. സി. ദിവാകരൻ**
**,, ജി. എസ്. ജയലാൽ**
**,, കെ. അജിത്**
**,, വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **വിവിധ സർക്കാർ ആഫീസുകളിലെ നടപടികളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ദേശീയ ഇ-ഗവേണൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;**

(ബി) **ഉണ്ടെങ്കിൽ ജില്ലാതലങ്ങളിൽ ഇ-ജില്ലാ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി എത്ര കാലത്തിനുള്ളിൽ ആരംഭിക്കാൻ കഴിയുമെന്ന് പറയാമോ;**

(സി) **ഇ-ജില്ലാ പദ്ധതിയിലൂടെ ജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ ?**

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>ഇ- ജില്ല പദ്ധതി</u>

5369 **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇ- ജില്ല പദ്ധതി നടപ്പാക്കുന്നതിന് തെരഞ്ഞെടുത്ത പൈലറ്റ് ജില്ലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ഏതെല്ലാം വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കാണ് പരിശീലനം നൽകുന്നതെന്നു വിശദമാക്കാമോ ;

(സി) പൈലറ്റ് ജില്ലകളിലെ ഏതെല്ലാം വകുപ്പിലെ ജീവനക്കാർക്കാണ് ലാപ്ടോപ്പുകൾ നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ആദ്യഘട്ടത്തിൽ എത്ര ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ ;

(ഇ) ഇവ ഏതെല്ലാം വകുപ്പിനാണ് നൽകുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>ഗ്രാമീണമേഖലയിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ</u>

5370 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ മുഖേന നൽകുന്ന സേവനങ്ങൾ ഗ്രാമീണമേഖലയിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പഞ്ചായത്തുകളിൽ ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പഞ്ചായത്തുകളെ ഇ-പഞ്ചായത്തുകളാക്കി മാറ്റാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പഞ്ചായത്തുകളെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഐ.റ്റി യിലൂടെ സർക്കാർ ഓഫീസുകൾ കാര്യക്ഷമമാക്കൽ**

**5371 ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഐ.റ്റി. വകുപ്പിന്റെ സേവനം ഉപയോഗിച്ച് സർക്കാർ ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) വിവരസാങ്കേതിക വകുപ്പിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ വകുപ്പിന്റെ പ്രവർത്തനം മറ്റു വകുപ്പുകളുമായി സംയോജിപ്പിച്ച് നടത്താൻ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>സംസ്ഥാന സർവ്വീസിലെ ജീവനക്കാർക്ക് ഐ.റ്റി. പരിശീലനം</u>

5372 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിലെ വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് ആധുനിക സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നൽകുന്നതിനായി സംസ്ഥാന ഐ.റ്റി. വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) ഭരണ നിർവ്വഹണത്തിൽ വേഗതയും സുതാര്യതയും കൈവരിക്കുന്നതിലേക്കായി എന്തെല്ലാം പ്രോജക്ടുകൾ ആണ് സംസ്ഥാന ഐ.റ്റി. വകുപ്പ് നടപ്പിലാക്കി വരുന്നത് ; അതിനായി എന്ത് തുകയാണ് ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; പ്രസ്തുത തുക പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഐ. റ്റി. മേഖലയുടെ ത്രിമുഖ സമീപനം**

5373 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 12-ാം പദ്ധതിയുടെ സമീപനരേഖയിൽ പരാമർശിച്ചിട്ടുള്ള ഐ. റ്റി. മേഖലയുടെ ത്രിമുഖസമീപനം എന്നതുകൊണ്ട് എന്താണ് വിവക്ഷിക്കുന്നത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സമീപനം കേരളത്തിലെ ഐ. റ്റി. മേഖലയിലെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഐ. റ്റി. വിദ്യാഭ്യാസ മേഖലയിൽ ഇത് എപ്രകാരം പ്രയോജനപ്പെടുത്താനാകും; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>ഐ.റ്റി പാർക്കുകൾ കൂടുതൽ പ്രദേശങ്ങളിൽ സ്ഥാപിക്കാൻ നടപടി</u>

5374 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ പ്രദേശങ്ങളിൽ ഐ.റ്റി പാർക്കുകൾ സ്ഥാപിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പുതുതായി എവിടെയെല്ലാമാണ് പാർക്കുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**<u>കോഴിക്കോട് സൈബർ പാർക്ക്</u>**

**5375 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൈബർ പാർക്കിന്റെ അടിസ്ഥാനസൗകര്യവികസന പദ്ധതികൾ എന്തൊക്കെയാണ് ; വെള്ളം, വൈദ്യുതി, റോഡ് തുടങ്ങിയ എന്തെല്ലാം കാര്യങ്ങൾക്ക് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കപ്പെട്ടിട്ടുണ്ട് ; അവ നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിക്കപ്പെട്ട നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമാണോ ; ഇല്ലെങ്കിൽ കൂടുതൽ തുക കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) സൈബർ പാർക്കിൽ ലഭ്യമായതും പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിച്ചിട്ടുള്ളതുമായ മൊത്തം ഭൂമിയെത്രയാണ് ; എത്ര ഭൂമിയിൽ സർക്കാർ നേരിട്ടും അല്ലാതെയും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്; നിർമ്മാണം പൂർത്തിയാകുന്ന കെട്ടിടത്തിലേക്ക് ഐ. ടി. കമ്പനികളെ ആകർഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കണ്ണൂര്‍, കാസര്‍ഗോഡ് ഐ.ടി. പാര്‍ക്കുകളുടെ അടിസ്ഥാന സൗകര്യ വികസനം**

5376 ശ്രീ. ഇ. പി. ജയരാജന്‍
'' കെ. കെ. നാരായണന്‍
'' കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)
'' റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍, കാസര്‍ഗോഡ് ഐ.ടി. പാര്‍ക്കുകള്‍ക്കായി മുന്‍സര്‍ക്കാരിന്റെ കാലത്ത് എത്ര ഏക്കര്‍ സ്ഥലമാണ് ഏറ്റെടുത്തിരുന്നതെന്നും ഈ പാര്‍ക്കുകളുടെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ ഇപ്പോള്‍ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഐ.ടി. പാര്‍ക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാര്‍ഡില്‍നിന്നും വായ്പ സഹായത്തിനായി അപേക്ഷിച്ചിരുന്നോ ; എങ്കില്‍ അപേക്ഷിച്ചത് എന്നായിരുന്നുവെന്നും ഇക്കാര്യത്തില്‍ നബാര്‍ഡില്‍നിന്നും എന്ത് സഹായം ലഭ്യമായെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഐ.ടി. പാര്‍ക്കുകള്‍ക്ക് സെസ്സ് അംഗീകാരം ലഭ്യമാക്കുവാന്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ ; എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പാര്‍ക്കുകളുടെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ എന്ന് പൂര്‍ത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**<u>മലപ്പുറത്തെ അക്ഷയ സംരംഭകരുടെ പ്രശ്നങ്ങൾ</u>**

**5377 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കടക്കെണിയിൽ അകപ്പെട്ട അക്ഷയ സംരംഭകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംരംഭകരുടെ വായ്പകൾ എഴുതിതള്ളാൻ ബാങ്കുകളുമായി ചർച്ച നടത്തിയിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഗോൾഡൻ നിക്ക അവാർഡ് നേടിയ മലപ്പുറം ജില്ലയിലെ സംരംഭകരിൽ കടബാധ്യതയുള്ളവർക്ക് കടാശ്വാസം പ്രഖ്യാപിക്കുന്നതിനോ കടം എഴുതിതള്ളുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) അക്ഷയ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ
തിരുവനന്തപുരം സെക്രട്ടറി-ഇൻ-ചാർജ്
2012 ജൂൺ 26.

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.